"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി - മാലിന്യമുക്തം നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സ്പെഷ്യൽ പ്രോജക്ട് ആയി ഏറ്റെടുത്ത് നടപ്പാക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1886/2024/LSGD തീയതി,തിരുവനന്തപുരം, 10-10-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 1236/2024/LSGD; തീയതി 07.07.2024

2. സ.ഉ.(സാധാ) നം. 1844/2024/LSGD; തീയതി 03.10.2024

**<u>ഉത്തരവ്</u>**

2024 ഒക്ടോബർ 2, ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിച്ച്, 2025 മാർച്ച് 30, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനായി മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിന്റെ പ്രവർത്തന മാർഗ്ഗരേഖ പരാമർശം (2) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, സംഘാടനം, പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ട സമയക്രമം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും പരാമർശം 2 ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കേണ്ടതുണ്ട്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ 2024-25 വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ മാലിന്യസംസ്കരണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ മുൻഗണന നൽകി ഏറ്റെടുക്കണമെന്ന് പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യസംസ്കരണ മേഖലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുൻഗണന കൊടുത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും വിശദവിവരങ്ങൾ പരാമർശം (1) മാർഗ്ഗരേഖ ഖണ്ഡിക 3.9, ഉപഖണ്ഡിക (1) മുതൽ (25) വരെ വിശദമാക്കിയിട്ടുള്ളതാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങളിലും നടപടികളിലും പൂർണ്ണത കൈവരിക്കാനും ഈ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി നേരിട്ട് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പരാമർശം (2) ഉത്തരവിന്റെ ഭാഗം II-ൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തു നടപ്പാക്കിവരുന്ന പദ്ധതികളോടൊപ്പം, പരാമർശം (2) ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുതകുന്ന പ്രോജക്ടുകൾ കൂടി

ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്. 2025 മാർച്ച് 31 നകം പൂർത്തീകരിക്കാൻ സാധിക്കുന്നതായ ഇത്തരം പ്രൊജക്ടുകൾ സ്പെഷ്യൽ പ്രൊജക്റ്റ് ആയി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനായി സുലേഖ സോഫ്റ്റ്‌വെയറിൽ സ്പെഷ്യൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തി പ്രോജക്റ്റ് രൂപീകരിക്കാവുന്നതും, ആയത് വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തിന് ശേഷം, നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹണം ആരംഭിക്കാവുന്നതുമാണ്. വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന അടുത്ത അവസരത്തിൽ തന്നെ മേൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം തേടേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ
8 .പ്രോജക്റ്റ് ഡയറക്ടർ , KSWMP
9. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ചീഫ് ടൗൺ പ്ലാനർ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
23. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
24. ഡയറക്ടർ ജനറൽ, കില
25. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
26. ക്ഷീരവികസന വകുപ്പ് ഡയറക്ടർ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

30. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
31. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-10-2024 10:49:31

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്